# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 07-12-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1987**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. പി.കെ. ഗുരുദാസൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടവരും മറ്റ് നിലയിൽ ജീവനോപാധിയിൽ ഏർപ്പെട്ടവരും പദ്ധതി പ്രതികൂലമായി ബാധിച്ചിട്ടുള്ളവരും എത്രയാണെന്ന് വിശദമാക്കാമോ ? | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നിർമ്മാണം മൂലം പദ്ധതി പ്രദേശത്തെ 325 മത്സ്യത്തൊഴിലാളികൾ സ്ഥിരമായി ബാധിതരാകുമെന്നമാണ് 2000 ത്തോളം മത്സ്യത്തൊഴിലാളികൾ താല്ക്കാലികമായി ബാധിതരാകുമെന്നാണ് പദ്ധതിയുടെ പാരിസ്ഥിതിക സാമൂഹിക പഠന റിപ്പോർട്ടിൽ (2013) സൂചിപ്പിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനായി ഒരു Livelihood Impact Appraisal Committee (LIAC) യും, ഇതിന്മേൽ ലഭിയ്ക്കുന്ന പരാതികൾ പരിഗണിക്കുന്നതിനായി ഒരു അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. Livelihood Impact Appraisal Committee (LIAC) 18-09-2015 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേൽ 18,839 പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ച വരുന്നു. LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ ബാധിതരുടെ അന്തിമ പട്ടിക പൂർത്തിയാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ